അതിനുശേഷമോ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള തുല്യയോഗ്യതയുള്ളവർക്ക് പ്രസ്തുത ആനുകൂല്യം നൽകിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതാനും ദിവസങ്ങളോമാസങ്ങളോ മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിച്ചത് ശമ്പളപരിഷ്ക്കരണത്തിലെ അനോമലിയായി കണക്കാക്കി ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) ഇപ്രകാരം സീനിയറിന് ജൂനിയറിനേക്കാൾ കുറഞ്ഞ ശമ്പളം ലഭിക്കുന്ന അനോമലി പരിഹരിച്ച് എത്രയുംവേഗം ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) പി.എച്ച്.ഡി. ബിരുദത്തോടെ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് അഞ്ച് അഡ്വാൻസ് ഇൻക്രിമെന്റും എം.ഫിൽ ബിരുദത്തോടെ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് രണ്ട് അഡ്വാൻസ് ഇൻക്രിമെന്റുമാണ് നൽകുന്നത്.

(ബി-ഇ) 2008 സെപ്റ്റംബർ മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് പുതുക്കിയ നിരക്കിലുള്ള ആനുകൂല്യം ലഭ്യമാകുന്നത്.

പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസ് കോംപ്ലക്സ് നിർമ്മാണം

65 (2069) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസ് പൂർണ്ണമായി പൊളിച്ചുമാറ്റി എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മിച്ച് ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾ ഒന്നിച്ച് ഒറ്റ കെട്ടിടത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ കേന്ദ്രം

66 (2070) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ കേന്ദ്രം എന്നാണ് അനുവദിച്ചതെന്നും അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ശിലാസ്ഥാപനം എന്നാണ് നടന്നതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി കാസർഗോഡ് എവിടെയെല്ലാം എത്ര ഏക്കർ വീതം സ്ഥലം അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി കളക്ടറേറ്റിൽ ആരംഭിച്ച ഓഫീസ് നിലവിലുണ്ടോ ; ഇത് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) എന്നത്തേക്ക് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മേഖലാ കേന്ദ്രം കാസർഗോഡ് ഇതുവരെ അനുവദിച്ചിട്ടില്ല.

(ബി) കാസർഗോഡ് മേഖലാ കേന്ദ്രത്തിനായി ജില്ലയിലെ കുടുലു വില്ലേജിൽ ഒരു ഏക്കർ സ്ഥലം അനുവദിച്ചിരുന്നു.

(സി) ഇതിനുവേണ്ടി ആരംഭിച്ച ഓഫീസ് ഇപ്പോൾ നിലവിലില്ല. മേഖലാ ശാസ്ത്ര കേന്ദ്രത്തിന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം കുറഞ്ഞത് അഞ്ച് ഏക്കർ അനുയോജ്യമായ സ്ഥലവും സർക്കാരിന്റെ ഭരണാനുമതിയും ആവശ്യമായ കെട്ടിടങ്ങളും ഇതര സംവിധാനങ്ങൾ നിർമ്മാണത്തിനാവശ്യമായ തുകയും ആവശ്യമാണ്.

(ഡി) മുൻപു പരമാർശിച്ച കാര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മേഖലാ ശാസ്ത്രകേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

67 (2071) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കുമോ ;

(ബി) ഐ.സി.ടി. പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ എത്ര സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ആരംഭിച്ചത് ;

(ഡി) കണ്ണൂർ ജില്ലയിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ട് ;

(ഇ) പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly